സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്,തിരുവനനതപുരം

**dtckerala@gmail.com**

**04712561307**

നടപടിക്രമം

വിദ്യാഭ്യാസം-സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം ശ്രീ ലിൻറ്റോ വർഗീസ്, വർക് ക്ഷോപ്പ് ഇൻസ് ട്രക്ടർ (മെക്കാനിക്കൽ) സുൽത്താൻബത്തേരി ടെക് ക്നിക്കൽ ഹൈസ് ക്കൂൾ വയനാട് – അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന്റെ ഭാഗമായി വകുപ്പുതല അച്ചടക്ക നടപടി തീർപ്പാക്കി സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി) വിഭാഗം

**DTETVM/1549/2025-EB4 (EB** **29-12-2025**

---

വായന :-

1. കാര്യാലയത്തിൽ നിന്നുള്ള **22-06-2015** തീയതിയിലെ**EB4/21019/2015/DTE** നമ്പർ ഉത്തരവ്
2. സുൽത്താൻബത്തേരി ടെക്ക്നിക്കൽ ഹൈസ് ക്കൂൾ സൂപ്രണ്ട് -ന്റെ **30-06-2015** തീയതിയിലെ **E/83/2015** നമ്പർ ഉത്തരവ്
3. **GO(P) No 152/2020/Fin dated 05-11-2020** നമ്പർ സർക്കാർ ഉത്തരവ്
4. **30-12-2020** ലെ ധനകാര്യ വകുപ്പിന്റെ **83/2020** നമ്പർ സർക്കുലർ
5. **17-02-205** തീയതികളിലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും ചാർജ്ജ് മെമ്മോയും
6. കാരണംകണിക്കൽ നോട്ടീസ്

**ഉത്തരവ്**

ഈ വകുപ്പിന് കീഴിലെ സുൽത്താൻബത്തേരി ടെക് ക്നിക്കൽ ഹൈസ് ക്കൂളിൽ വർക് ക്ഷോപ്പ് ഇൻസ് ട്രക്ടർ (മെക്കാനിക്കൽ) ആയി **19.05.2015** നു ജോലിയിൽ പ്രവേശിച്ച ശ്രീ ലിൻറ്റോ വർഗീസ് **1-7-2015** മുതൽ **5** വർഷത്തേക്ക് കെ.എസ്.ആർ പാർട്ട് **1** അനുബന്ധം **XII** എ പ്രകാരം അന്യ സേവനത്തിനായി ലീവിൽ പ്രവേശിച്ചു. ഇത്തരത്തിൽ അനുവദിച്ച ലീവ് കാലാവധി **30-6-2020** ൽ അവസാനിച്ചെങ്കിലും ടിയാൻ ലീവിൽ തുടരാനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. സർക്കാർ ജീവനക്കാരുടെ പെരുമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള

ചട്ടങ്ങൾക്കും മാർഗ്ഗ നിരദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചു അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII-A, ചട്ടം 9 നിഷ്കർഷിക്കും പ്രകാരം 1960 ലെ കേരള സർവ്വീസിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൽ പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും കുറ്റപത്രവും വായന 5 പ്രകാരം നല്കുകയും ചെയ്തിരുന്നു.

ശ്രീ ലിൻറ്റോ വർഗീസ് - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനെതിരെ കൈകൊണ്ട അച്ചടക്ക നടപടികളുടെ തുടർ നടപടിയായി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനെതിരെ എന്തെങ്കിലും കാരണമുണ്ടെങ്കിൽ അത് ബോധിപ്പിക്കുവാൻ വായന 6 പ്രകാരം കാരണംകണിക്കൽ നോട്ടീസ് നല്കിയിരുന്നെങ്കിലും ടിയാന്റെ ഭാഗത്ത് നിന്നു യാതൊരു പ്രതികരണവും ലഭിക്കുകയുണ്ടായില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപക വിഭാഗതിൽപെടുന്ന ജീവനക്കാരന്റെ ഭാഗത്ത് നിന്നും വിദ്യാർഥികൾക്ക് അറിവും മാതൃകാപരവുമായ പെരുമാറ്റശീലം പ്രാധാനം ചെയ്യേണ്ട ശ്രീ ലിൻറ്റോ വർഗീസ് - യുടെ ഭാഗത്ത് നിന്നും ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഒരുതരത്തിലും ലഘൂകരിച്ച് കാണുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെയുള്ള വകുപ്പ് തല അച്ചടക്ക നടപടികൾ 1960 ലെ കേരള സർവ്വീസിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൾ നിഷ്കർഷിക്കും പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യ്ന്നതിനായി തീരുമാനം കൈകൊണ്ടിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സുൽത്താൻബത്തേരി ടെക്ക്നിക്കൽ ഹൈസ്ക്കൂളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ) ആയി സേവനമനുഷ്ഠിച്ച് വരവേ കെ.എസ്.ആർ പാർട്ട് 1 അനുബന്ധം XII എ പ്രകാരം അന്യ സേവനത്തിനായി ലീവിൽ പ്രവേശിക്കുകയും അവധി കാലാവധിക്ക് ശേഷവും അനധികൃതമായി ജോലിയിൽ തിരികെ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്ന ശ്രീ ലിൻറ്റോ വർഗീസ് - നെ 1960 ലെ കേരള സർവ്വീസിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(12)(i) ലേയും ചട്ടം II (1) (vii) ലേയും വ്യവസ്ഥകൾ പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രകാരം ശ്രീ ലിൻറ്റോ വർഗീസ് - നെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കിയിരിക്കുന്നു.

Signed by
Jayaprakash P
Date: 29-12-2025 12:01:29

**JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്

1) സൂപ്രണ്ട് , സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, സുൽത്താൻബത്തേരി
2) ശ്രീ ലിൻറ്റോ വർഗീസ്, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, (സ്ഥാപന മേധാവി മുഖേന )